നമ്പർ : KITE/2025/1562 (70) തീയതി : 30.06.2025

എല്ലാ ജില്ലാ കോ–ഓർഡിനേറ്റർമാർക്കും

സർ/മാഡം,

**വിഷയം :– കൈറ്റ് – റോബോട്ടിക്സ് പഠനം – സ്കൂളുകൾക്ക് റോബോട്ടിക് കിറ്റ് വാങ്ങുന്നതിന് അവസരം ഒരുക്കുന്നത് സംബന്ധിച്ച്**

സൂചന:– 1. പത്താം ക്ലാസിലെ പുതുക്കിയ (2025–26) ഐ.സി.ടി. പാഠപുസ്തകം.
2. Tender No. KITE/1049/2023–24 dated 16.03.2024.
3. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റിയുടെ 10.03.2025 ലെ യോഗത്തിന്റെ മിനിറ്റ്സ്.

പത്താം ക്ലാസിലെ പുതുക്കിയ ഐ.സി.ടി. പാഠപുസ്തകത്തിൽ 2025–26 അദ്ധ്യയന വർഷം മുതൽ റോബോട്ടിക്സ് പഠനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ റോബോട്ടിക്സ് പഠനം 2022–23 മുതൽ ആരംഭിക്കുകയും അതിനായി റോബോട്ടിക് കിറ്റുകൾ നൽകി പരിശീലിപ്പിച്ചിട്ടുമുണ്ട്. നിലവിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കൈറ്റിന്റെ നേതൃത്വത്തിൽ 29,000 റോബോട്ടിക് കിറ്റ് വിതരണം ചെയ്യുകയും അവ ഉപയോഗിച്ച് പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

കൈറ്റ് ദേശീയ തലത്തിൽ നടത്തിയ ഇ–ടെണ്ടർ നടപടികളിലൂടെ സ്കൂളുകൾക്ക് ലഭ്യമാക്കിയ റോബോട്ടിക് കിറ്റിലെ ഉപകരണങ്ങളുടെ/ Components ന്റെ വിവരം പട്ടികയായി നൽകുന്നു.

| Sl. No. | Description | Quantity |
|---|---|---|
| 1 | Arduino Uno Rev3 with acrylic case | 1 |
| 2 | USB A to USB B Data Cable | 1 |
| 3 | Bread Board (840 Points ) | 1 |
| 4 | Bread Board Jumper Wire 20 cm x 20 - Male to Male | 1 |
| 5 | Bread Board Jumper Wire 20 cm x 20 - Male to Female | 1 |
| 6 | Bread Board Jumper Wire 20 cm x 20 - Female to Female | 1 |
| 7 | LED-Red (5mm) | 10 |
| 8 | LED-Green (5mm) | 10 |
| 9 | LED-Yellow (5mm) | 10 |
| 10 | SG90 Mini Servo Motors (TowerPro) -180 deg rotation | 1 |
| 11 | LDR Light Sensor Module | 1 |
| 12 | IR Sensor Module | 2 |
| 13 | Active Buzzer Module 3.3-5V | 1 |
| 14 | 2 Pin Tactile Switch Micro - Push to On Button | 5 |
| 15 | Resistors 470 ohms | 20 |
| 16 | 1 x 40 pin male berg strip - straight | 1 |
| 17 | Packing box INNOVA 666 | 1 |


Kerala Infrastructure and Technology for Education (KITE)
Poojappura P.O. Thiruvananthapuram-695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810 contact@kite.kerala.gov.in
www.kite.kerala.gov.in
(CIN : U74999KL2017NPL049848)

മേൽ ഉപകരണങ്ങൾ/Components ഉൾപ്പെടെ ഒരു കിറ്റിന്റെ വില 650/- രൂപയും GST യും ഉൾപ്പെടെ 767/- രൂപയ്ക്കാണ് സ്കൂളുകളിൽ റോബോട്ടിക് കിറ്റ് ലഭ്യമാക്കിയത്. കിറ്റിലെ Arduino Uno Rev3 with acrylic case, USB A to USB B Data Cable, SG90 Mini Servo Motors (TowerPro) -180 deg rotation എന്നീ പ്രധാന Components ന് ഒരു വർഷത്തെ വാറണ്ടിയും ഉറപ്പുവരുത്തിയിട്ടുണ്ട്.

നിലവിൽ സംസ്ഥാന സിലബസിലെ പത്താം ക്ലാസിലെ മുഴുവൻ കുട്ടികളും ഐ.സി.ടി. പഠനത്തിന്റെ ഭാഗമായി റോബോട്ടിക്സ് പഠിക്കേണ്ടതും പ്രായോഗിക പ്രവർത്തനങ്ങൾ ചെയ്യേണ്ടതുമായ സാഹചര്യമുണ്ട്. എന്നാൽ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് കൈറ്റ് നേരിട്ട് റോബോട്ടിക് കിറ്റുകൾ നൽകിയിട്ടുള്ളത്. സംസ്ഥാന സിലബസ് പിന്തുടരുന്ന അൺ-എയ്ഡഡ് സ്കൂളുകളിലും റോബോട്ടിക് കിറ്റുകൾ സജ്ജമാക്കേണ്ടതുണ്ട്. അതുപോലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കാത്ത ചുരുക്കം സർക്കാർ, എയ്ഡഡ് ഹൈസ്ക്കൂളുകളിലും ആവശ്യത്തിന് റോബോട്ടിക് കിറ്റുകൾ ലഭ്യമാവണമെന്നില്ല. എന്നാൽ ശരാശരി 767/- രൂപ മാത്രമാണ് ഒരു കിറ്റിന് വില വരുന്നത്. അതിലെതന്നെ 17 ഇനങ്ങളിലായി നൽകിയവയുടെ വിവിധ ഭാഗങ്ങൾ പ്രത്യേകം പ്രത്യേകം കമ്പോളത്തിൽ ലഭ്യവുമാണ്. ഈ സാഹചര്യത്തിൽ സ്കൂളുകൾക്ക് പൊതുവായും ആവശ്യമെങ്കിൽ കുട്ടികൾക്കും ഇത്തരം റോബോട്ടിക് കിറ്റുകൾ കമ്പോളത്തിൽ നിന്നും എളുപ്പം ലഭ്യമാകും.

എന്നാൽ കൈറ്റ് 20000 റോബോട്ടിക് കിറ്റുകൾ സൂചന 2-ലെ ദേശീയ ടെണ്ടർ വഴി വാങ്ങിയ നിരക്കിൽ (ഒരു റേറ്റ് കോൺട്രാക്ട് മാതൃകയിൽ) സ്കൂളുകൾക്കും ലഭ്യമാക്കാൻ സംവിധാനമൊരുക്കുന്നത് ഗുണകരമായിരിക്കും എന്ന് കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാർ ശുപാർശ ചെയ്തിട്ടുണ്ട്. ഇതിനകം AMC യിൽ ഉൾപ്പെടാത്ത ലാപ്ടോപ്പ് ബാറ്ററികൾക്കും മൾട്ടിമീഡിയ പ്രൊജക്ടറുകളുടെ ബൾബുകൾക്കും ഇത്തരം സംവിധാനം ഏർപ്പെടുത്തിയത് സ്കൂളുകൾ പ്രയോജനപ്പെടുത്തി വരുന്ന പശ്ചാത്തലത്തിൽ കൂടിയാണ് ഈ ആവശ്യം ഉയർന്നിട്ടുള്ളത്.

സൂചന 3 പ്രകാരം നടന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി. സാങ്കേതിക സമിതി ഇക്കാര്യം പരിശോധിക്കുകയും ദേശീയ ടെണ്ടർ കരസ്ഥമാക്കിയ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമെങ്കിൽ സ്കൂളുകൾക്ക് റോബോട്ടിക് കിറ്റുകൾ നേരിട്ട് വാങ്ങാൻ അവസരം നൽകേണ്ടതാണ് എന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പശ്ചാത്തലത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപെടുത്തുന്നു:

1. സർക്കാർ-എയ്ഡഡ്-അൺഎയ്ഡഡ് സ്കൂളുകൾക്ക് ആവശ്യമായ റോബോട്ടിക് കിറ്റുകൾ ഒരു കിറ്റിന് നികുതിയുൾപ്പെടെ 767/- രൂപ എന്ന നിരക്കിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്.

| |
|---|
| Tomson Electronics Pvt. Ltd, H.O. Taara Mansion, Pallimukku, Manikkiri, Cross Road, Cochin-682016, Mob. No. 9544850999, E-mail: tom@tomson.in, Web: www.tomsonelectronics.com |
| MACFOS LIMITED (Robu.in) Pune - 411015, Mob. No. 9028091080, 9503499903, Ph. No: 02068197694, E-mail: sani@robu.in, Web: www.robu.in |

2. ഇപ്രകാരം വാങ്ങുമ്പോൾ പട്ടികയിൽ സൂചിപ്പിച്ച ഘടകങ്ങൾ ഉൾപ്പെടുന്നു വെന്നും, അതിൽ 1, 2, 3 ഇനങ്ങൾക്ക് 1 വർഷ വാറണ്ടി ഉണ്ടെന്നും ഉറപ്പാക്കാൻ സ്കൂളുകൾ ശ്രദ്ധിക്കേണ്ടതാണ്.

3. സ്കൂളുകൾ നേരിട്ട് വാങ്ങുന്നതിന് കൈറ്റിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

4. കൂടുതൽ റോബോട്ടിക് കിറ്റുകളും അവയുടെ ഘടകങ്ങളും ആവശ്യമുള്ള പക്ഷം സ്കൂളുകൾക്ക് അവ പട്ടികയിൽ പറഞ്ഞ സ്പെസിഫിക്കേഷൻ അനുസരിച്ച് കമ്പോളത്തിൽ നിന്നും വാങ്ങാവുന്നതാണ്.

വിശ്വസ്തതയോടെ,

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – അറിവിലേയ്ക്ക്
എല്ലാ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ–ഓർഡിനേറ്റർ മുഖേന)
Tomson Electronics Pvt. Ltd, MACFOS LIMITED (Robu.in) Pune എന്നീ കമ്പനികൾക്ക്
സ്റ്റോക്ക് ഫയൽ